സി.ജി(2) 43910/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 16/1/2014

Email : : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

# സർക്കുലർ നമ്പർ 4/2014

വിഷയം: സഹകരണ വകുപ്പ് – കർഷക കടാശ്വാസ കമ്മീഷന്റെ അവാർഡ് കടാശ്വാസ തുക വായ്പ പുതുക്കിയ കർഷകർക്കും അനുവദിക്കുന്നതിന് അനുമതി–സംബന്ധിച്ച്.

സൂചന: 30.11.13 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 2111/2013/കൃഷി/ഉത്തരവ്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നെടുത്ത വായപകളിന്മേൽ കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ നൽകുന്ന വ്യക്തിഗത അപേക്ഷകൾ പരിശോധിച്ച ശേഷം, കടത്തിന്റെ സുമുചിത നിലവാരം നിശ്ചയിച്ചു കൊണ്ടും അതിൽ ഒരു ഭാഗം കടാശ്വാസമായി അനുവദിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്തു കൊണ്ടും ബാക്കി തുക കർഷകൻ അടയ്ക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടുമാണ് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. പ്രസ്തുത അന്തിമ ഉത്തരവുകൾ പ്രകാരം ശുപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് /ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്നത് ബഡ്ജറ്റ് വിഹിതത്തിന് അനുസൃതമായിട്ടായതിനാൽ ആയതിന് കാലതാമസമുണ്ടാകാറുണ്ട്. ഇത്തരത്തിൽ സർക്കാരിൽ നിന്നും കടാശ്വാസം ലഭിക്കുവാൻ വരുന്ന കാലതാമസം കാരണം വായ്പക്കാർ വായ്പ പുതുക്കി വയ്ക്കാറുണ്ട്.

സർക്കാർ അനുവദിക്കുന്ന കടാശ്വാസ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിനായി അർഹത ഉറപ്പു വരുത്തുന്നതിനുള്ള വകുപ്പ് തല പരിശോധനയിൽ വായ്പ പുതുക്കിയ കർഷകർക്ക് കടാശ്വാസത്തിന് അർഹതയുള്ളതായി പരിഗണിച്ചിരുന്നില്ല.

കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശുപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് വായ്പ പുതുക്കിയിട്ടുള്ള കർഷകർക്കും തിരികെ നൽകുന്നതിന് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശുപാർശ ചെയ്തിട്ടുള്ളതും സർക്കാർ അനുവദിച്ച് നൽകുന്നതുമായ കടാശ്വാസ തുക പുതുക്കിയ വായ്പകൾക്കും അർഹമാണെന്ന് നിർദ്ദേശിക്കുന്നു.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും, വകുപ്പുതല പരിശോധനാ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

**ഒപ്പ്,**
**കെ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

<u>പകർപ്പ്:-</u>

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ (ജനറൽ & ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ
5. ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ
   കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന)
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക
   സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
10. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
11. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14. സ്റ്റോക്ക് ഫയൽ/സ്പെയർ.
15. വെബ്സൈറ്റ്